(ഡി) 19 കേസുകൾക്ക് ചർച്ചകളിലൂടെ ഉടൻ പരിഹാരം കാണാൻ കഴിയുന്നതാണ്.

(ഇ ആന്റ് എഫ്) സ്ഥലമെടുപ്പ് ഒഴികെയുള്ള വിമാനത്താവള വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ അധീനതയിൽ വരുന്നതാണ്.

കയ്യൂർ രക്തസാക്ഷികൾക്ക് സ്മാരകം നിർമ്മിക്കുന്നതിന് തുക അനുവദിക്കാൻ നടപടി

63 [878] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കയ്യൂർ രക്തസാക്ഷികൾക്ക് സ്മാരകം നിർമ്മിക്കുന്നതിനായി 2001-ൽ സർക്കാർ അനുവദിച്ച 10 ലക്ഷം രൂപ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത തുക അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് സ്ഥലം എം.എൽഎ.-യുടെ നിവേദനം സർക്കാർ പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കയ്യൂർ രക്തസാക്ഷികൾക്ക് സ്മാരകം നിർമ്മിക്കുവാൻ 10 ലക്ഷം രൂപ ധനസഹായം നൽകാൻ അന്നത്തെ സർക്കാർ തീരുമാനിച്ചിരുന്നുവെങ്കിലും ആയതിന് ബഡ്ജറ്റിൽ തുക വക കൊള്ളിക്കാതിരുന്നതിനാൽ ധനസഹായം നൽകിയില്ല. ടി തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം.എൽ.എ.-യുടെ നിവേദനം ലഭിച്ചിട്ടുണ്ട്.

എം. എൽ. എ. ഹോസ്റ്റൽ ജംഗ്ഷനിൽ ട്രാഫിക് സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി

64 [879] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാളയത്ത് എം. എൽ. എ. ഹോസ്റ്റൽ ജംഗ്ഷനിൽ ഫ്ളൈഓവറിന് സമീപം വാഹനാപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരക്കേറിയ ഈ ഭാഗത്ത്; ട്രാഫിക് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നാലുഭാഗത്തു നിന്നും വരുന്ന വാഹനങ്ങളുടെ യാത്ര സുഗമമാക്കുന്നതിനുവേണ്ടി നാലുഭാഗങ്ങളിലേയ്ക്കും സിഗ്നൽ പോസ്റ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly